സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം

138 (1193) ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു വർഷം നാളിതുവരെ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ എത്ര ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു ;

(ബി) എത്ര ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) ഇതിനുവേണ്ടി നടപ്പുവർഷം എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നാലുവർഷംകൊണ്ട് 15 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനാണ് ഊർജ്ജിത പച്ചക്കറി വികസന പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. നാളിതുവരെയായി ഏകദേശം 600 കോടി രൂപയുടെ 5.95 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു.

(സി) നടപ്പു സാമ്പത്തിക വർഷം 7 കോടി രൂപ ചെലവഴിക്കുന്നതാണ്.

ജനകീയാസൂത്രണംവഴിയുള്ള പച്ചക്കറി ഉൽപ്പാദനം

139 (1194) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിൽപ്പെടുത്തി 1998-99-ൽ സംസ്ഥാനത്ത് എന്തു വിലയ്ക്കുള്ള എത്ര ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു ; ഈ പദ്ധതി പ്രകാരം 1999-2000 ത്തിൽ എന്തു വിലയ്ക്കുള്ള എത്രടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഇതിൽ എത്ര ടൺ ഉൽപ്പാദിപ്പിച്ചു ;

(സി) 1999 ഒക്ടോബർ മാസത്തിൽ എത്ര ടൺ ഉൽപ്പാദിപ്പിച്ചു ;

(ഡി) ലോറി സമരകാലത്ത് ഈ പദ്ധതിയനുസരിച്ച് ഉൽപ്പാദിപ്പിക്കപ്പെട്ട പച്ചക്കറികൾ ജില്ലാതല സംസ്ഥാനങ്ങളിലുള്ള മാർക്കറ്റുകളിലെത്തിക്കുവാൻ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഈ പച്ചക്കറികൾ മാർക്കറ്റിലെത്തിയതുമൂലം വിലനിലവാരം എത്രമാത്രം താഴ്ന്നു എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly